# രാജൎഷി

| പുസ്തകം 7 | 1116 എടവം. | ലക്കം 10 |
| --- | --- | --- |

## മംഗളം.

—:o:—

ജ്ഞാനത്തിൻമൂൎത്തിയായിജ്ജഗദുദയസമു-
ല്ലാസസംരംഭമോരോ-
ന്നൂനംവിട്ടോൎത്തു കാലോചിതസകലകലാ-
കൎമ്മസശ്രദ്ധനായി
ധ്യാനത്താൽ പൂൎണ്ണവേദാലയപതിയെ മന-
സ്സിങ്കലുംചേൎത്തുനിത്യം
മാനത്തോടൊത്തുവാഴും പുകൾപെരുകിന "രാ-
ജൎഷി"രാജിക്ക നീണാൾ।

വിദ്വാൻ, വെള്ളായ്ക്കൽ ഗോവിന്ദമേനോൻ.

## കിരീടധാരണമഹാമഹവും അരുളപ്പാടും.

ഉത്രാടംതിരുനാളിലവതാരംചെയ്ത മഹാമഹിമശ്രീ കേരളവൎമ്മ മഹാരാജാവു് തിരുമനസ്സിലെ കിരീടധാരണമഹാമഹം, തിരുമനസ്സിലെ പ്രജാവലികളുടെ അഭിലാഷവും, അൎത്ഥനയുംപോലെ വളരെ ഭംഗിയായി സമംഗളം നടന്നിരിക്കുന്നു. ആഡംബരം കുറഞ്ഞും, അന്തസ്സിനും ഗൌരവത്തിനും ഇടിവുവരാതെയും ഇത്തരത്തിൽ ഒരു സ്ഥാനാ

രോഹണമഹാമഹം നാട്ടുരാജ്യങ്ങളിൽ അട്ടത്തെങ്ങും നിവ്വഹിക്കപ്പെട്ടിട്ടില്ലെന്നാണു രാജ്യക്ഷേമകാംക്ഷികളായ മഹാജനങ്ങൾ അഭിപ്രായപ്പെട്ടുകേൾക്കുന്നതു്. ഈ സന്ദർഭത്തിൽ തിരുമനസ്സുകൊണ്ടു കല്പിച്ചുച്ചരിച്ചു മിതവും, ഹിതവും ആയ അരുളപ്പാടിൻെറ ആശയഗാംഭീര്യവും, അത്ഥപുഷ്ടിയും രാജഷി വായനക്കാക്ക് വായിച്ചു് ആലോചിക്കുന്നതിനുവേണ്ടി പ്രശസ്തരീതിയിൽനടക്കുന്ന ഒരു ദിനപത്രമായ ഗോമതിയിൽ കണ്ടപടി ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

"നാം ഈ അവസരം ചക്രവത്തി തിരുമനസ്സിലെനേക്ക് നമുക്കുള്ള ഭക്ത്യാദരങ്ങളെ പ്രകാശിപ്പിക്കുന്നതിലേക്കു് വിനിയോഗിക്കുന്നു. ലോകം അതിൻെറ ചരിത്രത്തിൽ മഹത്തായ ഒരു ഘട്ടസന്ധിയെ തരണംചെയ്യുന്ന വേളയിലാണു സിംഹാസനാരോഹണം നിവ്വഹിക്കുവാൻ നാം നിയുക്തനായിരിക്കുന്നതു്. ലോകത്തിലെ സ്വാതന്ത്ര്യപ്രേമികളായ കൃതികൾ അമിതോത്സാഹംചെയ്തു പരിപോഷിപ്പിച്ചിട്ടുള്ള ഉത്തമസ്ഥാപനങ്ങളും, ആദശവിശേഷണങ്ങളും ഇപ്പോൾ നാശഗത്തത്തിലാവുമെന്ന വിഷമഘട്ടമാസന്നമായിരിക്കുന്നു. ദുഷ്ടശക്തികളെ സമൂന്മൂലനംചെയ്യാനുള്ള ഈ ധീരസമരത്തിൽ സ്വാതന്ത്ര്യത്തിനും, നീതിക്കുംവേണ്ടി രണോത്സുകരായിട്ടുള്ളവർ വിജയിക്കാതിരിക്കയില്ല. നമ്മുടെ രാജ്യത്തെ നാനാവിഭവങ്ങളും യുദ്ധാവശ്യത്തിലേക്കു ചക്രവത്തി തിരുമനസ്സിലെ ഗവമ്മേണ്ടിനു യഥാഹിതം ഉപയോഗിക്കാവുന്നതാണെന്നു വൈസ്രോയി അവർകളോടറിയിച്ചാലും. നാശഹേതുകങ്ങളായ ശക്തികൾക്കെതിരായി ബ്രിട്ടൻ നടത്തുന്ന പ്രശംസാഹമായ സമരത്തിൽ ബ്രിട്ടനു വളരെ വേഗത്തിലുള്ള ജയം ഉണ്ടാകുന്നതിലേക്കു നാം ജഗദീശ്വരനോട്ട് പ്രാത്ഥിക്കുന്നു."

സ്വാതന്ത്ര്യാശയനും, ആലോചനാശീലനും, വിജ്ഞാനനിധിയും ധമ്മതല്പരനും, കമ്മകുശലനും, പ്രജാപ്രാണനും ആയ തിരുമനസ്സിലെ ഭരണത്തിൽ കേരളത്തിൻെറ ഹൃദയമായ കൊച്ചിരാജ്യം ഭൂലോകസ്വഗ്ഗമായിത്തീരുമെന്നുള്ളതിനു സംശയമില്ല. അവിടേയ്ക്കു് സുദീഘവും, സുന്ദരവുമായ ആയുരാരോഗ്യഭാഗ്യാദികൾക്കു ഞങ്ങൾ സവ്വദാ ജഗദീശ്വരനോടു പ്രാത്ഥിച്ചുകൊള്ളുന്നു.

# കൊച്ചി ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടു്.

നാടുവാണരുളുന്ന മഹാമഹിമശ്രീ കേരളവൎമ്മ മഹാരാജാവു തിരുമനസ്സിലെ കനിഷ്ഠസഹോദരനാണു് ഇപ്പോഴത്തെ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടു്. ജ്ഞാനവൃദ്ധനും, ധൎമ്മവൃദ്ധനും, എന്നാൽ ആരോഗ്യത്തിൽ യുവാവും, ആയ ഈ യുവരാജാവു തിരുമനസ്സുകൊണ്ടു് 1042 വൃശ്ചികമാസത്തിൽ രേവതി നക്ഷത്രത്തിൽ തിരുവവതാരംചെയ്തു ബാല്യത്തിൽ രാജകുടുംബാചാൎയ്യന്മാരിൽനിന്നും കാലോചിതമായ വിദ്യകളെല്ലാം അവിടുന്നു് അഭ്യസിച്ചു. ഇംഗ്ലീഷ്, സംസ്കൃതം മുതലായ ഭാഷകളിൽ അവിടുന്നു് അസാമാന്യമായ പാണ്ഡിത്യംനേടി. നിത്യം പത്രപാരായണം ചെയ്യുന്നതിലും, രാജ്യകാൎയ്യങ്ങളും, രാജ്യഭരണരീതികളും മനസ്സിലാക്കുന്നതിലും അവിടുത്തേയ്ക്കു് ആദ്യംമുതല്ക്കുതന്നെ അതിരററ ഉത്സാഹവും, ഔൽസുക്യവും ഉണ്ടു്.

1072-ാമാണ്ടിൽ തിരുമനസ്സുകൊണ്ടു് ചിററൂർ—തത്തമംഗലത്തുള്ള സുപ്രസിദ്ധമായ പാറക്കാട്ടു് എന്ന തറവാട്ടിലെ ഒരു മഹിളാമണിയായ ശ്രീമതി കാമാക്ഷിനേത്ത്യാരമ്മ അവർകളെ സഹധൎമ്മിണിയായി സ്വീകരിച്ചു. വൈദുഷ്യംകൊണ്ടും, സൌശീല്യംകൊണ്ടും, നേത്ത്യാരമ്മ അവർകളെ ഒരു സ്ത്രീരത്നമെന്നുതന്നെ പറയണം. ഈ വന്ദ്യദമ്പതിമാൎക്കു് രണ്ടു പുത്രന്മാരും, ഒരു പുത്രിയുമാണുള്ളതു്. സീമന്തപുത്രനായ ബാലഗോപാലമേനോനവർകൾ സ്വതന്ത്രശീലനും, വിശിഷ്ടാശയനും ആയ ഒരു പുരുഷവൎയ്യനാണു്. ദേവകീനന്ദനമേനോൻ, ബി. എ., ബി. എൽ., അവർകൾ എന്ന രണ്ടാമത്തെ മകൻ എറണാകുളത്തു് സുപ്രസിദ്ധനായ ഒരു അഡ്വോക്കേററും, പൊതുകാൎയ്യപ്രസക്തനും ആയ ഒരു മഹാശയനാകുന്നു. തിരുമനസ്സിലെ പുത്രിയായ അമ്മിണിനേത്ത്യാരമ്മ അവർകളെ 16-ാംകൂർ കൊച്ചുണ്ണിത്തമ്പുരാൻ, എം. എ., എൽ. ററി., തിരുമനസ്സുകൊണ്ടാ (Head Master, Palace Girl's High School, Trippoonithura) ണു് വിവാഹംചെയ്തിട്ടുള്ളതു്. തമ്പുരാൻ തിരുമനസ്സുകൊണ്ടു് ഇന്ത്യയിൽ പല ദിക്കുകളിലും സഞ്ചരിച്ചിട്ടുണ്ടു്. ദിക്സഞ്ചാരത്താൽ തമ്പുരാൻ തിരുമനസ്സുകൊണ്ടു് ഗ്രന്ഥസിദ്ധമായ വിജ്ഞാനത്തിനു പരപ്പും, ഉറപ്പുംവൎദ്ധിപ്പിച്ചിരിക്കുന്നു. സൎവ്വസൌഭാഗ്യങ്ങളും തികഞ്ഞിട്ടുള്ള തമ്പുരാൻ തിരുമനസ്സിലേക്കു ഞങ്ങൾ ആയുരാരോഗ്യാദികൾ മേൽക്കുമേൽ പ്രാൎത്ഥിച്ചുകൊള്ളുന്നു.

## രാജർഷിഭാഷിതം.

# കൈരളീദാസനോടും, മല്ലിനാഥനോടും.

(കൈരളീദാസനിലെ "ള" എന്നതിനു കെട്ടുവള്ളിയുണ്ടു. മല്ലിനാഥനിലെ "ല്ല" എന്നതിനു കെട്ടുവള്ളി ഇട്ടിട്ടില്ലതാനും. അഥവാ വല്ല "വള്ളിയോ" "പുള്ളിയോ" "കോമ"യൊ "കൊട്ടേഷ"നൊ ഒന്നു നീളുകയൊ നീങ്ങുകയോ ചെയ്യാൽത്തന്നെ ആരും തെററിദ്ധരിക്കേണ്ടതില്ല. അതിന്മേൽ പൊത്തിപ്പിടിച്ചു കയറി ഇളിഞ്ഞ "മുകറു" കൊണ്ടു് കൊഞ്ഞനംകാട്ടിയിട്ടും ഫലമില്ല. കൈരളി എന്ന മാസികയിൽ കാണുന്ന കൈരളീദാസനോടും, മല്ലിനാഥനോടുംതന്നെയാണു പറയുന്നതു്—കഴിഞ്ഞ ജന്മത്തിൽ കൈരളിയെ "പ്രസാദിക്കണേ! പ്രസാദിക്കണേ!" എന്നു വല്ലാതെ അലട്ടുകയാൽ, "നീ ഏഴു ജന്മം എന്റെ ദാസന്മാരുടെ ദാസനായി വർത്തിച്ചു് ആദ്യം അവരുടെ പ്രസാദത്തിനു് എങ്ങിനെയെങ്കിലും അർഹനായി ഭവിക്കുക; എന്നിട്ടാവാം എന്റെ പ്രസാദത്തിനു് നീ അർഹനാണോ അല്ലയോഎന്നാലോചിപ്പാൻ" എന്നു് കൈരളിയാൽ ഉപദേശിക്കപ്പെട്ടിട്ടു് പ്രഥമജന്മം സിദ്ധിച്ചപ്പോൾ കൈരളീദാസദാസനായിട്ടു വർത്തിച്ചു പോരുന്നുണ്ടെങ്കിലും, കൈരളിയുടെ ഉപദേശംമൂലമാകയാലോ എന്തോ കൈരളീദാസനായി സ്വയം അഭിമാനിക്കുന്ന ആ കൈരളീദാസനോടും, ഏതൊരു വ്യാഖ്യാതാവിന്റെ സഹായത്തോടുകൂടി ചിലർ ഇപ്പോൾ ഞെരുങ്ങിപ്പിടിച്ചു് സംസ്കൃതം പഠിപ്പിച്ചുവരുന്നുവോ ആ മഹാപണ്ഡിതന്റെ പേർ ദുഷിപ്പിക്കുവാൻ കൈരളിയിലും കടത്തിക്കൂട്ടി കോലാഹലമടിക്കുന്ന ആ മല്ലിനാഥനോടുംതന്നെ.)

മാന്യവായനക്കാരെ!

ഈ അവസരത്തിൽ രാജർഷിയുടെ നടത്തിപ്പിനെപ്പററി അല്പം ഒന്നു് എടുത്തു പറയേണ്ടിയിരിക്കുന്നു. രാജർഷി, രാജർഷിയുടെ വകയായി കൊല്ലത്തിൽ ഒരു പ്രസ്താവനയും പുസ്തകാഭിപ്രായങ്ങളും ഒഴികെ, വല്ല കൃത്രിമസംജ്ഞകളുംവെച്ചു് "അധിക്ഷേപകോലാഹലങ്ങൾ"ക്കു അവസരമുണ്ടാക്കിത്തീർക്കുന്ന യാതൊരു ലേഖനങ്ങളും പ്രകാശനംചെയ്യാറില്ല. നാട്ടിൽ നടക്കുന്ന ചില പ്രധാനസംഭവങ്ങളെ ഇടയ്ക്കിടെ യഥോചിതം രേഖപ്പെടുത്താറില്ലെന്നുമില്ല. പകവെച്ചുകൊണ്ടു് പതിവായി ഒളിയമ്പുകളും, വെളിയമ്പുകളും വിടുന്ന പതിവു രാജർഷിക്കില്ല. ഭാഷാവിഷയകങ്ങളായോ മററോ ഭിന്നാഭിപ്രായങ്ങളുള്ള സംഗതികൾ ഉണ്ടെങ്കിൽ ഭാഷാപ്രണയികൾക്കു രാജർഷിവഴിയായി പ്രകാശിപ്പിക്കാമെന്നിരിക്കെ, എന്തിനുവേണ്ടി രാജർഷി നേരിട്ടു് അതിൽ തലയിടുന്നു? വ്യക്തമായി പേരുവെച്ചു് പ്രസിദ്ധപ്പെടുത്തിയ ലേഖനങ്ങളിൽ അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ അതുള്ളവർ അവരുടെ വാദമുഖങ്ങൾ രാജർഷിക്കയച്ചുതന്നാൽ പ്രസിദ്ധംചെയ്യുന്നതിലും രാജർഷി വൈമനസ്യം കാണിക്കാറില്ല.

സുപ്രസിദ്ധനായ ഒരു സാഹിത്യകാരനും, ഒരു തികഞ്ഞ പണ്ഡി

തനും, മദ്രാസ് സർവ്വകലാശാലയിൽ ഒരു ഉയൎന്ന ഉദ്യോഗം വഹിക്കുന്ന മാന്യനും ആയ ശ്രീമാൻ പി. കൃഷ്ണൻനായർ അവർകളുടെ ഒരു ലേഖനത്തിൽ എന്തോ അഭിപ്രായവ്യത്യാസമുള്ളതായിത്തോന്നുകയാൽ അതിനെ വിശദീകരിച്ചു് രാജർഷിക്കയച്ചുതരാതെ കൈരളിയുടെ ഒരു മൂക്കിൽ നിന്നു മല്ലിനാഥൻ രാജർഷിയേയും അദ്ദേഹത്തേയും കൂട്ടിച്ചേർത്തു് അധിക്ഷേപിച്ചുകാണുന്നു: ലേഖകന്മാരുടെ അഭിപ്രായത്തിനു രാജർഷി ഉത്തരവാദിയാകുന്നതല്ലെന്നു് പണ്ടേതന്നെ പ്രഖ്യാപനംചെയ്തിട്ടുള്ളതുമാണു്. 1116 കുംഭം കൈരളിയിൽ "രാജർഷി മാസികയുടെ ആ അധിക്ഷേപദകോലാഹലം", "ആ രാജർഷിവൈയ്യാകരണനോടു്" എന്നും മററും രാജർഷിയെ പുച്ഛരസത്തോടുകൂടി വീക്ഷിച്ചിരിക്കുന്നതു പലരും കണ്ടിരിക്കുമല്ലോ. അതാണു് ഇക്കഴിഞ്ഞ മീനം ലക്കം രാജർഷിയിൽ ഒരു 'രാജർഷി ഭാഷിത'ത്തിനു് ഇടയായതു്. ആ രാജർഷിഭാഷിതത്തിൽ മല്ലിനാഥന്റെ പ്രസ്താവനകളിലുള്ള ചില ന്യൂനതാഭാഗങ്ങളെ ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ടു്. അവയ്ക്കൊന്നും ശരിയായ സമാധാനം പറയാതെ കൈരളിയുടെ മീനം ലക്കത്തിൽ "രാജർഷി മാസികയോടു്" എന്നപേരിൽ കൈരളീദാസനും, "രാജർഷിഭാഷിതം" എന്നപേരിൽ മല്ലിനാഥനും ചില മുട്ടുത്തരങ്ങളും കെട്ടുകഥകളും വഴിയായി രാജർഷിയേയും പ്രവർത്തകന്മാരേയും പൂർവ്വാധികം അസഭ്യമായി അധിക്ഷേപിച്ചിരിക്കുന്നു. ആ അധിക്ഷേപങ്ങൾക്കുള്ള സമാധാനങ്ങളാണു് ഈ രാജർഷിഭാഷിതത്തിൽ പ്രസ്താവിക്കാൻ പോകുന്നതു്.

രാജർഷി മാസികയിൽ "ആധുനികസാഹിത്യബാഹ്യ"ങ്ങളായ ചില കാര്യങ്ങളെക്കുറിച്ചു വിചാരണചെയ്തിട്ടില്ല. "ആധുനികസാഹിത്യബാഹ്യങ്ങൾ"കൊണ്ടു് ഉപജീവിച്ചുപോരുന്ന ചില കുക്കരപ്രായന്മാരുടെ നേർക്കല്ലാതെ അസ്ത്രങ്ങൾ തൊടുത്തു വിട്ടിട്ടുമില്ല; തൊടുത്തു വിടുന്നുമില്ല. സാഹിത്യവിമർശനത്തിൽ മാനവും മര്യാദയുംനോക്കിത്തന്നെയാണോ കൈരളീദാസനും മല്ലിനാഥനും പ്രവർത്തിക്കുന്നതെന്നു് സാഹിത്യപ്രണയികൾ തീർച്ചപ്പെടുത്തിക്കൊള്ളും. കൈരളീദാസനും മല്ലിനാഥനും സിദ്ധാന്തകൌമുദിയും, കാവ്യപ്രകാശവും പഠിച്ചിട്ടില്ലെങ്കിൽ അതു രാജർഷിയുടെ കുററമല്ല. അവർ രാജർഷിയിലെ മഹാപണ്ഡിതന്റെ അടുക്കൽ പഠിക്കാറായിട്ടുമില്ല. അങ്ങനെയായാലും, ഇങ്ങനെയായാലും, എങ്ങനെയായാലും കരുത്തംകിട്ടാത്ത കൂട്ടർക്കു് "അങ്ങനെയെങ്കിലും കരുത്തം കിട്ടട്ടെ" എന്നു കൊതിച്ചാൽ കിട്ടുന്നതുമല്ല. രാജർഷിഭാഷിതക്കാരൻ അവരുടെപേരിൽ "കേസെടുക്കുവാൻ" കച്ചകെട്ടിപ്പുറപ്പെട്ടിട്ടില്ല. മരുന്നൊടുത്തു് "കേസെടു

ക്ക"ന്നതന്വേഷിച്ചു നടക്കുന്ന കൂട്ടരോട് കേസുപിടിക്കുവാനോ അവരിൽ കേസുകൊടുക്കുവാനോ വിചാരിച്ചിട്ടുമില്ല. കൂടാതെ നിവൃത്തിയില്ലാതെ വന്നാൽ അപ്പോൾ ആലോചിച്ചുകൊള്ളാം. അദ്ദേഹത്തിന്റെ ഊരും പേരും സ്പഷ്ടമാണ്. രാജർഷിയുടെ പേജുകളിൽ ഒളിഞ്ഞല്ല തെളിഞ്ഞുതന്നെയാണു കിടക്കുന്നതു്. നിങ്ങൾ അറിഞ്ഞതുകൊണ്ട്, ഞങ്ങൾക്കു പേടിയുമില്ല. ജീവിച്ചിരിക്കുമ്പോഴും "ശ്മശാന"ത്തിലും അതിനപ്പുറവും സൽക്കീർത്തിയുടെ "വെള്ളപൂശി"ക്കൊണ്ടുതന്നെയായിരിക്കാം ആ വിദ്വാൻ ജീവിക്കുക, അല്ലാതെ ആപാദചൂഡം ചില ചുടലപ്പൊട്ടന്മാരെപ്പോലെ കരുത്തിരുണ്ട രൂപവും, തുറുകണ്ണും ആയിട്ടല്ല. "ആ വിദ്വാൻ എന്തിനാണ് ഇങ്ങനെ ഒരടി അടിച്ചതാവോ?" എന്നു കൈരളീദാസനു് ഇനിയും ഒരു സംശയം. കണ്ടാലും കൊണ്ടാലും അറിയാത്തവരോട് ഉച്ചത്തിൽ വിളിച്ചുപറഞ്ഞാലും കാര്യമുണ്ടോ ആവോ? എങ്കിലും പറഞ്ഞേക്കാം. സ്വസ്ഥനായ രാജർഷിയെ അനാവശ്യമായി പുച്ഛിച്ചതിന്. ഇപ്പോൾ മനസ്സിലായോ? കൈരളീദാസന്റെ നാട്ടിലെ "നമ്പൂതിരിപ്പാടിന്റെ ഇല്ലപ്പറമ്പിൽത്താമസിക്കുന്ന "കോന്നനെ"പ്പോലെ സ്വാമിഭക്തി പ്രകടിപ്പിച്ചു് ഒരുപറ നെല്ലല്ല, പത്തുപറ നെല്ല് കൈരളീദാസൻ തട്ടുന്നുണ്ടെങ്കിൽ അതുകൊണ്ടു് രാജർഷിക്ക് ഒരു സങ്കടവുമില്ല ഇനിയും 'കൊട്ടമലത്തി'വച്ചുകൊള്ളുക; വല്ലതും കിട്ടിയാൽ കിട്ടി.

"ദിവംഗതനായ ശ്രീരാമവർമ്മ പൊന്നുതമ്പുരാൻ തിരുമനസ്സിലെ പരിശുദ്ധനാമത്തിൽ പുണ്യാഹംചെയ്താലും തീർന്നുപോകാത്ത അശുദ്ധി കുത്തിവെയ്ക്കുകയാണ് രാജർഷിമാസിക വാസ്തവത്തിൽ ചെയ്യുന്നതു്" എന്നു മല്ലിനാഥൻ പറയുന്നു. ഒരു "ചില്ലി"ക്കു വിലയില്ലാത്ത മല്ലിനാഥന്റെ ചൊല്ലിനെ ആരാണു വകവെയ്ക്കുക? ആ യഥാർത്ഥമഹാരാജാവു തിരുമനസ്സിലെ ഉത്തമോത്തമമായ സൽക്കീർത്തിയെ ഉത്തരോത്തരം വളർത്തുകയാണു രാജർഷി മാസിക ചെയ്യുന്നതെന്നു് അഭിജ്ഞവൃത്തങ്ങളിൽനിന്നുള്ള ചില അഭിപ്രായങ്ങൾ ഞങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു.

## I

"എന്റെ വന്ദ്യമാതുലനും, ഗുരുഭൂതനുമായ സർ. ശ്രീരാമവർമ്മ, ജി. സി. എസ്സ്. ഐ., ജി സി. ഐ ഇ വാഴ്ച കഴിഞ്ഞ കൊച്ചി മഹാരാജാവു തിരുമനസ്സിലെ സ്മാരകമായി നടത്തിവരുന്ന "രാജർഷി" എന്ന ഈ മാസികയുടെ കഴിഞ്ഞ ലക്കങ്ങൾ ഞാൻ ആദരപുരസ്സരം വായിച്ചുനോക്കി. ഈ മാസിക സഹജീവികളുടെ കൂട്ടത്തിൽ എന്തുകൊണ്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനത്തിന് അർഹമായിട്ടുണ്ട്. സാഹിത്യപരങ്ങളും വിജ്ഞേയങ്ങളുമായ ഇതരവിഷയങ്ങൾക്കു പുറമെ പൊതുജനങ്ങൾക്ക് ആദർശഭൂതങ്ങളും, അനന്യസാധാരണങ്ങളും ആയ തിരുമനസ്സിലെ ചരിത്രശകലങ്ങളെ ലോകോ

പകാരത്തിന്നുവേണ്ടി സംഗ്രഹിച്ച് അവയിലെ സാരാംശങ്ങളെ ജനങ്ങൾക്കു വിശദപ്പെടുത്തി അവിടുത്തെ യശശ്ശരീരത്തിന്നു പുഷ്ടിയെ വരുത്തുന്ന നിങ്ങളുടെ ഈ ഉദ്യമത്തെ ഞാൻ ഹാർദ്ദമായി അനുമോദിക്കുന്നു. രാജർഷിക്കു സർവ്വമംഗളങ്ങളെ ആശംസിക്കുകയുംചെയ്യുന്നു."

മഹാമഹിമശ്രീ പരീക്ഷിത്തുതമ്പുരാൻ തിരുമനസ്സുകൊണ്ട്.

## II

മാന്യരെ,

രാജർഷി എല്ലാം ലക്കങ്ങളുംതന്നെ ഞാൻ വായിച്ചുവരുന്നു. ഈമാതിരി ഗൌരവമുള്ള മാസികകൾ ഇപ്പോൾ വളരെ ദുർല്ലഭമെന്നു നിശ്ശങ്കം പറയാം. പക്ഷെ, ആ മഹാനുഭാവൻെറ നാമവൈഭവം കാണാതിരിക്കില്ലല്ലൊ.

ഇടക്കിടെ സാഹിത്യകാരനും, സംഗീതവിദ്വാനുംതമ്മിൽ കാണുന്ന സൌന്ദര്യപ്പിണക്കം രസകരമാവുന്നുണ്ട്. പാലും പഞ്ചസാരയും വേറെ വേറെ ഉപയോഗിക്കുന്നതായാലാണ് അധികം രുചികരവും ഗുണവും എന്നുപറഞ്ഞു 'ഭിന്നരുചി'കളായ ഓരോരുത്തർ ഓരോന്നുംതന്നെ വിശേഷമെന്നു പറയാറുണ്ട്. പാലും പഞ്ചസാരയും ചേർന്നാലത്തെ സ്വാദ് സർവ്വസമ്മതവുമാണ്. അതുപോലെ സംഗീതവും, സാഹിത്യവും ഒരുമിച്ചാണ് രസാവഹമാവുക എന്ന് അവരെ വല്ലവരും ധരിപ്പിച്ചാൽ കൊള്ളാമായിരുന്നു.

ശ്രീമതി വി. കെ ലക്ഷ്മിക്കുട്ടിനേത്യാരമ്മ അവർകൾ.

## III

'രാജർഷി ഉത്തരോത്തരം സർവ്വാങ്ഗീണമായ സംപുഷ്ടിയെ പ്രാപിച്ചുവരുന്നതായി കാണുന്നതിൽ ഞാൻ അത്യന്തം ആനന്ദിക്കുന്നു. ഈശ്വരൻെറ കാരുണ്യത്തിനും യശശ്ശരീരനായ രാജർഷിയുടെ അനുഗ്രഹത്തിനുംപുറമെ നിങ്ങളുടെ സുദുർല്ലഭമായ സ്വഭാവവൈശിഷ്ട്യവും നിങ്ങൾക്ക് ഈ മാസികപത്രത്തെ പോററി വളർത്തുന്നതിന്നു സഹായംചെയ്തിട്ടുണ്ട്. നിങ്ങളുടെ ഈ സദുദ്യമത്തെ അവഹേളനംചെയ്യുന്ന ചില തുശ്ശുക്കരെ ഞാനറിയും. ആ മിത്രമുഖന്മാരായ ശത്രുക്കൾക്ക് അതിൽ കൂടുതലായി യാതൊന്നും ചെയ്യാൻ സാധിക്കുന്നതല്ല. നിങ്ങൾക്കു സർവ്വമംഗളങ്ങളും ഹൃദയപൂർവ്വമായി പ്രാർത്ഥിച്ചുകൊണ്ട് വിരമിക്കുന്നു.

മഹാകവി ഉള്ളൂർ.

## IV

മലയാളഭാഷയിൽ ഇപ്പോൾ മാസികകൾ വളരെ കുറവായിരിക്കയാണല്ലൊ. രസികരഞ്ജിനി, വിദ്യാവിനോദിനി, ഭാഷാപോഷിണി എന്നീ മാസികകൾ നിന്നതിന്നുശേഷം അവയുടെ സ്ഥാനം വഹിക്കത്തക്കവണ്ണം ഒരു നല്ല സാഹിത്യമാസിക ഉണ്ടായില്ലല്ലോ എന്നു ഭാഷാഭിമാനികൾ പലപ്പോഴും പരിതപിക്കാറുണ്ട്. രാജർഷിയുടെ ആവിർഭാവവും വളർച്ചയും ക്രമേണ അതിനു വന്നുചേർന്നിട്ടുള്ള അന്തസ്സും ഗൌരവവും മേല്പറഞ്ഞ മനസ്താപത്തിനു പരിഹാരം ചെയ്തിട്ടുണ്ടെന്നു സന്തോഷപൂർവ്വം സമ്മതിക്കേണ്ടതാണ്. രാജർഷിക്ക് ദീർഘായുസ്സും ആരോഗ്യവും ആശംസിച്ചുകൊള്ളുന്നു.

സി. അച്യുതമേനോൻ അവർകൾ, ബി. എ (മദ്രാസ്)
പി. എച്ച്. ഡി. (ലണ്ടൻ.)

## V

"സ്ഥാനത്യാഗംചെയ്ത പുണർതംതിരുനാൾ തിരുമനസ്സിലെ തിരുനാമധേയസ്മാരകമായി നടത്തിപ്പോരുന്ന "രാജർഷി" ഞാൻ ആരംഭംമുതൽ ക്രമമായി വായിച്ചുവരുന്ന ഒരു മാസികയാണ്. ഇതിലെ എല്ലാ ലക്കങ്ങളും പ്രൌഢങ്ങളും, വിജ്ഞാനപ്രദങ്ങളുമാ

യ ലേഖനങ്ങളാൽ അലംകൃതമായിരിക്കുന്നു. ഭാഷാപോഷണാർത്ഥം അനവരതം പ്രയത്നിക്കുന്ന ശ്രീമാൻ ഗോപാലപിള്ളയുടെ പത്രാധിപത്യത്തിലും, മലയാളത്തിൽ പേരെടുത്ത സാഹിത്യകാരന്മാരുടെ സഹായത്തോടും നാലഞ്ചുവർഷത്തോളം നിർവ്വിഘ്നമായി നടന്നുവരുന്ന പ്രസ്തുത മാസികയുടെ ഭാവിയെക്കുറിച്ച് ആശങ്കക്ക് അവകാശമില്ലെന്നു ഞാൻ ഉറപ്പായി വിശ്വസിക്കുന്നു. ഈ മാസികക്കു സർവ്വവിജയങ്ങളും ആശംസിച്ചുകൊള്ളുന്നു."

വി കെ രാമൻമേനോൻ അവർകൾ,
ബി. എ. എൽ. ററി.

ഇങ്ങനെ അനേകം മഹാനുഭാവന്മാരുടെ അഭിപ്രായങ്ങൾ ഞങ്ങൾക്കു സിദ്ധിച്ചിട്ടുണ്ട്. അവയെല്ലാം സ്ഥലദൌർല്ലഭ്യംമൂലം ചേർക്കുന്നില്ല. മല്ലിനാഥന് ഈ അഭിപ്രായങ്ങളിലൊന്നിലും വലിയ വിലയില്ലായിരിക്കാം; എന്നാൽ ഞങ്ങൾക്കും നിർമ്മത്സരബുദ്ധികളായ ഭാഷാപ്രണയികൾക്കും വളരെ വിലയേറിയവതന്നെയാണ്.

രാജഷിയുടെ തിരുനാമം അശുദ്ധമായിപ്പോയി; അതിൻ്റെ കാരണം ആ നീചനീചമായ മനസ്ഥിതിയുള്ള മല്ലിനാഥൻ അതുച്ചരിച്ചു എന്നുള്ളതാണ്. ആ അശുദ്ധിയെ നീക്കുന്നതിനുള്ള 'പുണ്യാഹം' ഞങ്ങൾ ചെയ്തുവരുന്നുണ്ട്. എത്ര പുണ്യാഹം കഴിഞ്ഞാലാണ് ശുദ്ധമാവുക എന്നറിഞ്ഞുകൂടാ. ഓരോ പുണ്യാഹത്തിനുശേഷവും ഓരോ പ്രശ്നംവെച്ചു നോക്കിവരുന്നുമുണ്ട്. പൂർവ്വാധികം പരിശുദ്ധമാകാതെ പുണ്യാഹം അവസാനിപ്പിക്കുന്നതുമല്ല.

മല്ലിനാഥൻ്റെ ഹൃദയതടത്തിൽ വളരെക്കാലമായി തഴച്ചുവളർന്നു നില്ക്കുന്ന "അസത്യം", "അസൂയ", "ദുർവ്വ്യാഖ്യാനം" മുതലായ മുള്ളുള്ള മാമരങ്ങളെ രാജഷി മാസികയുടെനേക്ക് പുഴക്കിത്തള്ളിയിടുവാൻ ശ്രമിക്കുന്നതുകൊണ്ട് വലിയ പ്രയോജനമൊന്നുമില്ല രാജഷിയുടെമേൽ അവ വീഴുകയുമില്ല; ആ മഹാവൃക്ഷങ്ങൾക്കു മല്ലിനാഥൻ്റെ മനസ്സിനേക്കാൾ വളമേറിയ മറെറാരു സ്ഥാനം ഈ ഉലകത്തിലൊട്ടില്ലതാനും. രാജഷി മാസികയുടെ പേര് അരനിമിഷമല്ല, അരയുഗം കഴിഞ്ഞാലും മാറവുമെന്നു മല്ലിനാഥൻ വിചാരിയ്ക്കേണ്ട.

"തന്നെത്താൻ പൊക്കീ"തി രീതിയിൽ 'ഇതി'കൂടി രീതിയുടെ പേരാണെന്നു തെററിദ്ധരിച്ചിട്ടില്ലെന്ന് അടുത്തുതന്നെയുള്ള "കടംവീട്ടീ"തി രീതികൊണ്ട് മനസ്സിലാക്കുവാൻ ബുദ്ധിയില്ലാത്ത മല്ലിനാഥൻ്റെ പാണ്ഡിത്യം 'ഇത്യപി നിഷൂദന' എന്നു പറഞ്ഞ പണിക്കരുടേതിനേക്കാൾ "പൈത്ര്യം"തന്നെ. മുൻകാണിച്ച മഹാസാഹിത്യകാരന്മാരുടെ അഭിപ്രായങ്ങളിൽനിന്നു രാജഷി ഒരിക്കലും ആത്മപ്രശംസ ചെയ്തിട്ടി

ല്ലെന്നു മല്ലിനാഥനു മനസ്സിലാകുന്നില്ലെങ്കിൽ അതു ഞങ്ങളുടെ കുററമല്ല.

"മലയാളം ചോദ്യക്കടലാസ്സുകളിലും മല്ലിനാഥൻ ദൃഷ്ടിപതിക്കുന്നുണ്ടെന്നു കാണുന്നതു് ഇക്കൊല്ലത്തിലാകയാൽ അത്ഭുതമില്ല." സ്കൂൾ ഫൈനൽ പരീക്ഷയുടെ മലയാളം ഒന്നാം ചോദ്യക്കടലാസ്സിനെപ്പററി അഭിജ്ഞന്മാരുടേയും, അദ്ധ്യാപകന്മാരുടേയും, അദ്ധ്യേതാക്കളുടേയും ഇടയിൽ ഇത്ര വലിയ ആക്ഷേപമുണ്ടായിട്ടുള്ള ഒരു കൊല്ലം അടുത്തെങ്ങും ഉണ്ടായിട്ടില്ല. അതുകൊണ്ടാണു് 'ഇക്കൊല്ലത്തിലാകയാൽ അത്ഭുതമില്ല' എന്നു പറഞ്ഞതു്. ആ ചോദ്യക്കടലാസ്സിലെ ചില ന്യൂനതകളെക്കുറിച്ചു ഞങ്ങൾ കഴിഞ്ഞ രാജഷിയിൽ പറഞ്ഞിട്ടുള്ളതിനു് മല്ലിനാഥൻ തക്ക സമാധാനവും തന്നിട്ടില്ലെന്നു വായനക്കാക്കറിയാമല്ലൊ. "മല്ലിനാഥൻ ദൃഷ്ടിപതിക്കുക" എന്ന പ്രയോഗം മല്ലിനാഥനു് അത്ര പിടിച്ചില്ലെന്നു തോന്നുന്നു. മലയാളികൾക്കു് അതു രുചിക്കാതിരിക്കുമെന്നു തോന്നുന്നില്ല. മല്ലിനാഥനെ പിടിപ്പിക്കുവാനൊ മനസ്സിലാക്കുവാനൊ ഞങ്ങൾ വിചാരിക്കുന്നുമില്ല. ഇവിടെയുള്ള ചില സ്ക്കൂളുകളിൽ ക്രിസ്തുമസ്സു് ഒഴിവുദിവസങ്ങൾക്കുമുമ്പുതന്നെ നടന്ന അരക്കൊല്ലപ്പരീക്ഷയുടെ ചോദ്യക്കടലാസ്സുകളിൽനിന്നു ചില ഭാഗങ്ങൾ അങ്ങിനെതന്നെ സ്ക്കൂൾഫൈനൽ മലയാളം ഒന്നാംകടലാസ്സിലും കടന്നുകൂടിക്കാണുന്നതുകൊണ്ടു പരീക്ഷകൻ അവയിലെല്ലാം ദൃഷ്ടിപതിക്കുന്നുണ്ടെന്നു് മനസ്സിലാക്കേണ്ടിയിരിക്കുന്നു. വേണ്ടതുപോലെ ആകാത്ത ഒരു ചോദ്യക്കടലാസ്സിട്ടതും അതിനെക്കുറിച്ചു വിമശിച്ചതും കൈരളീകുടുംബത്തിൻെറ രക്ഷയ്ക്കുവേണ്ടിത്തന്നെയെന്നു മല്ലിനാഥനല്ലാതെ മററാരും സമ്മതിക്കുമെന്നു തോന്നുന്നില്ല. പരീക്ഷകന്മാരാരെന്ന പരസ്യമായ രഹസ്യം ആരായുന്നതുകൊണ്ടു് ഇത്രമാത്രമേ വൈഷമ്യമുള്ളു എന്നുണ്ടു്. പക്ഷെ പരീക്ഷകന്മാർ അവരെ ആരായുന്നവരെ ആരായുന്നുണ്ടെങ്കിൽ അതുകൊണ്ടു് വലിയ ദോഷമുണ്ടതാനും. ശിക്ഷ വിധിച്ചു് അതു് അനുഭവിക്കുവാൻ ആളെയുണ്ടാക്കുകയല്ല വേണ്ടതു്; ദുഷ്കൃത്യം ചെയ്തവരെയാണു് ശിക്ഷ അനുഭവിപ്പിക്കേണ്ടതു്. ഇതു ശരിയാണെങ്കിൽ മല്ലിനാഥൻ ശിക്ഷാഹൻതന്നെ.

പിട്ടുകൊണ്ടും, പിരട്ടുകൊണ്ടും വലിയ 'നിപുണ'നെന്നും, ജനസമ്മതനെന്നും ജനങ്ങളെ തെററിദ്ധരിപ്പിച്ചു ജയഭേരി അടിക്കുന്നവർ, തൻെറടവും ത്രാണിയുമുള്ളവരുടെ സത്ഭാവത്തിൽ പമ്പകടക്കുമെന്നു് വ്യക്തമാക്കുന്ന ഒരു നാടാണു് പെരുമ്പടപ്പു് എന്നു പണ്ടേതന്നെ പ്രസിദ്ധമാണു്. പലക്കും പലപ്പോഴും അനുഭവപ്പെട്ടിട്ടുമുണ്ടു്. സാഹിത്യസാമ്രാജ്യത്തിൽനിന്നു കൃത്രിമനിപുണസ്ഥാനികളെ പമ്പകടത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ഹേ മല്ലിനാഥരെ! അനാവശ്യമായി ആക്ഷേപിച്ചാൽ അവരുടെ നേരെ പേനയോ സേനയോ എടുക്കുന്നതിന്ന് രാജഷിക്ക് ഒരു 'നാണ' വുമില്ല. കാര്യം ചെയ്യാഞ്ഞാലും, അകാര്യം ചെയ്താലും രാജഷിക്കു വലിയ നാണമുണ്ട്. മല്ലിനാഥൻെറ തൂവൽ ഇളകുവാൻ എന്തിനാണ് മടിക്കുന്നതു്? മടിയ്ക്കേണ്ടാ; ഇളകുകയല്ലാ ഇളകി മറിഞ്ഞോട്ടെ.

"രാജഷിയിൽ വ്യാകരണവിഷയകമായ വാദകോലാഹലം മുഴക്കി കൊണ്ടിരിക്കുന്ന ഒരു മഹാപണ്ഡിതനുണ്ട്." ഉണ്ട്; അദ്ദേഹത്തിൻെറ വാദത്തിന് അദ്ദേഹത്തോട് മറുവടി പറഞ്ഞേക്കൂ. രാജഷിയെ അദ്ദേഹത്തോടു സമാസിക്കേണ്ടാ. അത്ഥനിയാമകങ്ങളായ അത്ഥപ്രകരണാദികളും എല്ലാം പ്രയോഗിച്ചാലും "രാജഷി വൈയ്യാകരണൻ" മലയാളികൾക്ക് രാജഷിയെപ്പററി ഒരു പുച്ഛരസം തോന്നിക്കുമല്ലോ. അതുകേട്ടു രാജഷി അടങ്ങിയിരിക്കയുമില്ല. ഏതായാലും മല്ലിനാഥൻ രാജഷിഭാഷകന്ന് വിദൂരനമസ്കാരം ചെയ്തതു് വളരെ നന്നായി. അടുത്തു വന്നിട്ടായിരുന്നുവെങ്കിൽ മൂക്കു പൊത്തേണ്ടതായി വരുമായിരുന്നു. രാജഷിയെ ആക്ഷേപിച്ചിരിക്കുന്നു എന്നല്ലാതെ "പിതൃനിവ്വിശേഷനായ ആ സാക്ഷാൽ രാജഷിയെ മല്ലിനാഥൻ ആക്ഷേപിച്ചിരിക്കുന്നു." എന്നു മല്ലിനാഥനല്ലാതെ ഞങ്ങളാരും പറഞ്ഞിട്ടില്ല.

"മൂഢമഃതു രണനാടകമാട്ടുക പാടച്ചരകീടാ" ഇത്തരം മനസ്ഥിതി അനുകമ്പനീയമാണെന്ന് ഇപ്പോഴെങ്കിലും മല്ലിനാഥന് അറിവുണ്ടായല്ലോ. അതുകൊണ്ട് മൌനം ദീക്ഷിക്കുകതന്നെയാണു നല്ലതു്.

മല്ലിനാഥനും 'ഒരു കഥ'യായിട്ടാണ് കാര്യം അവസാനിപ്പിക്കുന്നതു്. "മറിച്ചുടീരി"യെപ്പോലെ മല്ലിനാഥനും വിപരീതദൃഷ്ടി ഉച്ചലിപ്പിക്കുന്നതുകൊണ്ട് കൈരളിയ്ക്കുള്ള കാലക്കേട് എത്രമാത്രമെന്ന് പറഞ്ഞറിയിക്കാൻ പ്രയാസം; പക്ഷേ വളരെക്കാലത്തേക്ക് ഉണ്ടാകയില്ലെന്നു സമാധാനമുണ്ട്. ഈഘട്ടത്തിൽ ഞങ്ങൾക്ക് സ്മരണയിൽപെടുന്നതു് രാമായണത്തിലെ—

നിനവു തവമനസി പെരുതെത്രയും നന്ദനീ
നിന്നോടെതിരൊരു നൂറുനൂറായിരം
രജചനിചരകുലപതികളായ് തെളിഞ്ഞുള്ളോരു
രാവണന്മാരൊരുമിച്ചെതിർത്തീടിലും
നിയതമിതു മമ ചെറുവിരല്ക്കുപോരാ പിന്നെ
നീയെന്തു ചെയ്യുന്നിതെന്നോടു കശ്മല!—എന്ന ഭാഗമാണ്.

# ആയുർവ്വേദത്തിൽ ജ്യോതിഷത്തിൻെറ പ്രഭാവം *

1

ജോതിഃശാസ്ത്രത്തെ അദ്ധ്യയനം ചെയ്താൽ നമുക്കു ഗ്രഹനക്ഷത്രാദികളുടെ സ്ഥിതി, ജഗത്തിൻെറ പ്രാകൃതികാവസ്ഥ, സൂൎയ്യഗ്രഹണം, ചന്ദ്രഗ്രഹണം, ധൎമ്മവിഷയങ്ങൾക്കു ശുഭാശുഭമുഹൂൎത്തങ്ങൾ മുതലായവ, ഗ്രീഷ്മം, വൎഷം തുടങ്ങിയ ഋതുക്കൾ, അമാവാസ്യ, പൂൎണ്ണിമ എന്നിങ്ങനെയുള്ള തിഥിവിശേഷങ്ങൾനിമിത്തമുണ്ടാകുന്ന മാനവശരീരാവസ്ഥ, ജാതകചക്രത്തിൽ ഗ്രഹനക്ഷത്രങ്ങളുടെ വിവിധാവസ്ഥാനംകൊണ്ടുള്ള മനുഷ്യരുടെ പ്രകൃതിവ്യത്യാസം എന്നിവയെ മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ആയുർവ്വേദവും ജ്യോതിഷവും തമ്മിൽ ഘനിഷ്ഠമായ സംബന്ധമുണ്ട്. പുരാതനകാലത്തു ഭാരതീയവൈദ്യഗണം ചികിത്സയും ജ്യോതിഷവും ഒന്നിച്ചുതന്നെ പഠിച്ചിരുന്നു. ചരകൻ, സുശ്രുതൻ എന്ന ഭിഷഗ്വരന്മാർ നിപുണന്മാരായ ജ്യോതിഃശാസ്ത്രജ്ഞന്മാരുമായിരുന്നു. പ്രാചീന ഇതിഹാസങ്ങളെ പററി ആലോചിക്കുന്നപക്ഷം മിസ്ര, ഗ്രീസ്, റോമതുടങ്ങിയ ദേശങ്ങളിലെ ചികിത്സകന്മാർ വൈദ്യത്തിനും ജ്യോതിഷത്തിനും തമ്മിലുള്ള സഹജസംബന്ധത്തെ സ്വീകരിച്ചിരുന്നുവെന്നുള്ള രഹസ്യം മനസ്സിലാകുന്നതാണ്. വിഖ്യാതവൈദ്യനായ ഗലിൻ (Galen) സമൎത്ഥനായ ജ്യോതിഷജ്ഞനുമായിരുന്നു. (Hippocrates) ഹിപ്പൊക്രെട്ടീസിൻെറ അഭിപ്രായപ്രകാരം ജ്യോതിഷം പഠിക്കാതെ ആയുർവ്വേദജ്ഞാനമുണ്ടാകുന്ന കാൎയ്യം അസംഭാവ്യമാണെന്നാണ്; ഉണ്ടായാൽ തന്നെ അതു് അപൂൎണ്ണമായിട്ടേ ഇരിക്കയുള്ളുവത്രേ. പുരാതനകാലത്തെ കഥ പോട്ടെ.

ആധുനികകാലത്തുതന്നെ മുൎഷിദാബാദിലെ ഋഷിതുല്യനും കവിരാജനുമായിരുന്ന ഗംഗാധരകവിരത്നമഹാശയൻ ജ്യോതിഷത്തിൽ പ്രഗാഢമായ വ്യുൽപത്തിസമ്പന്നനായിരുന്നു വൈദ്യശാസ്ത്രത്തിലുള്ള അദ്ദേഹത്തിൻെറ അലൌകികജ്ഞാനത്തിനടിയിൽ അദ്ദേഹത്തിൻെറ ജ്യോതിഷത്തിലുള്ള അഭിജ്ഞത പ്രകാശിച്ചുകൊണ്ടിരുന്നു. ആധുനികകാലത്തു് ആയുർവ്വേദവൈദ്യന്മാർ ജ്യോതിഷത്തിൽ മനസ്സുവെക്കുന്നില്ലെന്നു പറഞ്ഞാൽ വലിയ തെററുണ്ടെന്നു തോന്നുന്നില്ല. ജ്യോതിഃശസ്ത്രത്തിനും ആയുർവേദത്തിന്നും തമ്മിലുള്ള സംബന്ധത്തെ പററി നമുക്കിവിടെ സംക്ഷേപമായിട്ടൊന്നാലോചിക്കുക.

* ജ്യോതിർഭൂഷണഭിഷഗാചാൎയ്യൻ.

ത്രിദോഷവിജ്ഞാനത്തിന്മേലാണ സമഗ്രമായ ആയുൎവ്വേദശാസ്ത്രം പ്രതിഷ്ഠിതമായിരിക്കുന്നതു്. മനുഷ്യശരീരം നിൎമ്മിച്ചിരിക്കുന്നതു വായു, പിത്തം, കഫം, എന്നിങ്ങനെയുള്ള മൂന്നു ധാതുക്കളെക്കൊണ്ടാണ്. ഈ മൂന്നുധാതുക്കളും സ്വാഭാവികാവസ്ഥയിലിരിക്കുന്ന കാലത്തോളം മനുഷ്യശരീരത്തിനു സ്വാസ്ഥ്യം തന്നെ. ഇവയിലൊന്നു കോപിച്ചാൽ നമ്മുടെ ശരീരം വികൃതമായിത്തീരുന്നു. മർത്ത്യദേഹം സാധാരണയായിതു ധാതു പ്രധാനമായിട്ടിരിക്കുമെന്നാണ് ആയുൎവ്വേദം പറയുന്നതു്. വായുപിത്ത പ്രധാനമൊ, വായുശ്ലേഷ്മപ്രധാനമൊ, അതൊ പിത്തശ്ലേഷ്മപ്രധാനമൊ ആയിരിക്കും. ആയുൎവ്വേദം പറയുന്നു:—

"വ്യാധേസ്തത്ത്വപരിജ്ഞാനം വേദനായാശ്ച നിഗ്രഹഃ
ഏതദ് വൈദ്യസ്യ വൈദ്യത്വം, ന വൈദ്യഃ പ്രഭുരായുഷഃ"

ആദ്യമായി രോഗത്തിന്റെ തത്വനിരൂപണം, അനന്തരം യഥാവിധി ഔഷധാദിപ്രയോഗംകൊണ്ടുള്ള രോഗനിരാകരണം എന്നിവ ആവശ്യമാണ്. രോഗതത്വനിരൂപണത്തിന്നു വ്യാധിയെന്താണെന്ന് അറിയേണ്ട ആവശ്യമുണ്ട്. രോഗമിന്നതാണെന്നു മനസ്സിലായാൽ പിന്നെ രോഗിയുടെ ശരീരം ഏതു ധാതുപ്രധാനമാണെന്നറിയണം. ജ്യോതിഷത്തിന്റെ പരിജ്ഞാനംകൊണ്ടു നമുക്കു മനുഷ്യരുടെ ധാതുവും പ്രകൃതിയും നിഷ്പ്രയാസം മനസ്സിലാക്കാം.

ഭാരതീയജ്യോതിശ്ശാസ്ത്രപ്രകാരം ആകാശമണ്ഡലം. പൃഥ്വി, മനുഷ്യശരീരം എന്നിവയെ മേഷാദിദ്വാദശരാശികളെക്കൊണ്ടു വേർതിരിച്ചിരിക്കുന്നു. അഗ്നി, പൃഥിവി, വായു, ജലം എന്നിങ്ങനെ നാലുരാശികളെക്കൊണ്ട് ഈ ദ്വാദശരാശികളേയും വിഭാഗിച്ചിട്ടുണ്ട്. ഈ നിയമാനുസരണം മേഷരാശി അഗ്നിസംജ്ഞകവും, വൃഷം, പൃഥ്വിയും, മിഥുനം വായുവും, കൎക്കടകം ജലസംജ്ഞകവുമാകുന്നു. ഇപ്രകാരം അഗ്നിരാശി സിംഹവും, കന്നി പൃഥ്വിയും, തുലാം വായുവും, വൃശ്ചികം ജലരാശിയും, ധനു അഗ്നിയും, മകരം പൃഥ്വിയും കുംഭം വായുവും, മീനം ജലരാശിയുമാകുന്നു. മേഷം അഗ്നിരാശിയാണ്. ചന്ദ്രൻ മേഷരാശിഗതനായിരിക്കുമ്പോൾ ഒരുവൻ ജനിക്കുന്നതായാൽ അവനു വാതപിത്തപ്രധാനശരീരം ലഭിക്കുന്നതാണ്. ഇതനുസരിച്ചു വൃഷം വാതശ്ലേഷ്മപ്രധാനവും, സിംഹം വാതപിത്തപ്രധാനവും, കന്നി വാതശ്ലേഷ്മപ്രധാനവും, വൃശ്ചികം വായുശ്ലേഷ്മപ്രധാനവുമാകുന്നതിനാൽ അത്തരത്തിലുള്ള ശരീരത്തോടു കൂടീട്ടാണ് ഒരുവൻ ജനിക്കുക. ജ്യോതിഷത്തിലെ ഫലശ്രുതിപ്രകാരം ചന്ദ്രൻ, ബുധൻ, ശുക്രൻ, ബൃഹസ്പതി, എന്നിവയെ ജലഗ്രഹങ്ങളെന്നും,

രവി, ശനി, മംഗളം, രാഹു, കേതു എന്നിവയെ ശുഷ്കഗ്രഹങ്ങളെന്നും പേരിട്ടിരിക്കുന്നു. രവി പിത്തധാതുവിൻേറയും, ചന്ദ്രൻ വാതശ്ലൈഷ്മിക ധാതുവിൻേറയും, ബുധൻ വാതപിത്തകഫങ്ങളാകുന്ന ത്രിദോഷങ്ങളുടേയും ബൃഹസ്പതിയും ശുക്രനും കഫത്തിൻേറയും ശനി വാതശ്ലൈഷ്മികധാതുവിൻേറയും രാഹു വായുപ്രധാനധാതുവിൻേറയും കാരകങ്ങളാകുന്നു. ഒരാളുടെ ലഗ്നത്തിൽ പിത്തകാരകഗ്രഹമുണ്ടായാൽ അയാൾ കഫപ്രധാനനായിട്ടാണു ജനിക്കുക.

ജ്യോതിഷികൾ ദ്വാദശരാശികളെക്കൊണ്ടാണു മനുഷ്യരുടെ അംഗവിഭാഗം ചെയ്തിരിക്കുന്നതെന്നു മുമ്പു പറഞ്ഞുവല്ലൊ. ലഗ്നരാശി ജാതകത്തിൻെറ മസ്തകമാണു്; ആ സ്ഥിതിക്കു ദ്വിതീയരാശി ജാതകത്തിൻെറ മുഖവും കഴുത്തുമാകുന്നു. തൃതീയരാശിവക്ഷസ്ഥലവും, ചതുർത്ഥരാശി ഹൃദയവും, പഞ്ചമരാശി ക്രോഡവും, ഷഷ്ഠരാശി കടിയും, അഷ്ടമരാശി ഗുഹ്യവും തൽസമീപവർത്തിപ്രദേശവും, നവമരാശി ഊരുവും, ദശമരാശി ജാനുവും, ഏകാദശരാശി ജംഘയും, ദ്വാദശരാശി പാദവും ആകുന്നു. ലഗ്നം മുതല്ക്കു് എണ്ണുമ്പോൾ ഷഷ്ഠം, അഷ്ടമം, ദ്വാദശം, എന്നിവയുടെ അധിപതി ഏതൊരു രാശിയിലാണു നില്ക്കുന്നതു്, അല്ലെങ്കിൽ ഒരുരാശിയുടെ അധിപതി ഷഷ്ഠം, അഷ്ടമം, ദ്വാദശം എന്ന രാശിഗതനാകയൊ, അഥവാ അസ്തംഗതമൊ അതൊ അതിദുർബ്ബലമൊ ആയാൽ ആ രാശി യാതൊരംഗത്തെ സൂചിപ്പിക്കുന്നുവൊ ആ അംഗത്തെ സംബന്ധിച്ചു് അയാൾക്കു സ്ഥായിയായ ഉപദ്രവങ്ങളുണ്ടാകുന്നതാണു്. രവി പീഡാകരനായാൽ പിത്തസംബന്ധമായ ഉപദ്രവവും, ചന്ദ്രൻ പീഡാകരനാണെങ്കിൽ വാതശ്ലൈഷ്മികങ്ങളുടെ ബാധയും, മംഗളമാണെങ്കിൽ പിത്തത്തിൻെറ ഉപദ്രവവും, ബുധനാണെങ്കിൽ ത്രിദോഷങ്ങളുടെ പീഡയും ബൃഹസ്പതിയും ശുക്രനും പീഡാകാരകന്മാരായാൽ കഫത്തിൻെറ ഉപദ്രവവും, ശനിയാണെങ്കിൽ വാതശ്ലൈഷ്മികബാധയും, രാഹുവായാൽ വാതകോപവുമാണു ഫലം. പീഡാകാരകമായ ഗ്രഹം പൃഥ്വിയിലും ജലരാശിയിലുമിരുന്നാൽ കഫവും, അഗ്നിയിലും വായുവിലുമിരുന്നാൽ പിത്തവാതങ്ങളുടെ വികൃതിഹേതുവായിട്ടു് ഉപദ്രവവുമുണ്ടാകുന്നതാണു്, അഗ്നി, വായു എന്നീരാശികളിൽ പീഡാകാരകഗ്രഹമിരുന്നാൽ ഏതെങ്കിലും നാഡിയിൽ രക്താധിക്യംകൊണ്ടു് അസഹ്യതയുണ്ടാകും. ഇപ്രകാരം ആലോചിക്കുന്നപക്ഷം ഏതെങ്കിലും അവയവത്തിൽ ഇന്നധാതുവിൻെറ വികൃതികൊണ്ടാണു പീഡയുണ്ടാകുന്നതെന്നു എളുപ്പത്തിൽ മനസ്സിലാക്കാം. ഏതൊരംഗത്തിലാണു സ്ഥായിയായ ഉപദ്രവമുണ്ടാകുകയെന്നു പരിചയംകൊണ്ടു നിശ്ചയിക്കാൻ കഴിയുന്നതാണു്.

അമ്പാടിനാരായണി പുതുവാൾസ്യാർ.

# വൈവാഹികമംഗളാശംസാ. *

രവിരിവ രവിവംശാലങ്കൃതിർഭ്ഭൂരിതേജാ
വിധുരിവ സകലാഭിസ്സംയുതസ്സത്കലാഭിഃ
നരവരരവിവർമ്മാ, ശ്രീലസദ്രാധികാമ്ബാ-
വരമണിഗളമാല്യം പ്രാപ്യ രാജതാജസ്രമ്.

രാജർഷി സംസ്കൃതപാഠശാല.

ഗോശ്രീശകല്പകതരോരതിഭാഗധേയ-
ലക്ഷ്മീലതാസമുദിതാഽമലകല്പവല്ലീ
ഗോശ്രീലസത്തരുവരം രവിവർമ്മഭൂപ-
മാലമ്ബ്യ രാജതു ലസത്ഫലസമ്പദാഢ്യാ.

രാജർഷി വായനശാല.

മാധവവരഗുണനിലയ-
ക്ഷ്മാധവരവിവർമ്മശർമ്മണാ മിളിതഃ
രാധാഗുണമണിസങ്ഗത-
രാധാമണിരേഷ രാജതാത്സുചിരമ്.

പി. എം. നാരായണൻ നായർ, (രാ. സം. അ.)

മാതാവിൻെറ ഗുണങ്ങളും മഹിതമാം മാഹേന്ദ്രയോഗങ്ങളും
ദാതാവാം ജനകൻെറ സുപ്രഥിതമാം രാജത്പ്രഭാവങ്ങളും
ധാതാ ചേർന്നുളവായ സൽസുഭഗയാം സംഗീതമംഗല്യയീ
രാധാദേവി സുഖേന വാഴ്ക സുചിരം രാധാധവാനുഗ്രഹാൽ.

രാജർഷി മാസിക

മേധാതുഷ്ടിതുടങ്ങിയുള്ള ഗുണസമ്പത്തിന്നൊരാധാരമാം
രാധാദേവിരവിപ്രസാദപരമാം കല്യാണമേൽപ്പൂസുഖം
ധാതാരാധ്യതപൂണ്ടകാന്തനൃപനൊത്തീസാധ്വി രാജോചിത-
ശ്രീധാമപ്പുതുലക്ഷ്മിയായി വിജയിപ്പൂതാക പൂർണ്ണോത്സവം.

തായയോടു സമമായിടുന്ന നില ചേരുവാനിടവരുത്തിടും.
സ്വീയസൌമ്യഗുണമുള്ള രാധ രുരുഭംഗിവെന്ന മിഴിമാലയാം
ആയതപ്രണയലോല ഭർത്തൃപരിചര്യചെയ്തു നിജജീവിതം
ഗേയമാക്കിവിലസട്ടെ വീരവരവത്സരൊത്തു ബഹുവത്സരം.

ചങ്ങരംകോത കൃഷ്ണൻകർത്താ.

* നാടുവാണരുളുന്ന നമ്മുടെ കൊച്ചിമഹാരാജാവു തിരുമനസ്സിലെ പുത്രി രാധാദേവിയും, തിരുമനസ്സിലെ ഭാഗിനേയൻ മഹാമഹിമശ്രീ രവിവർമ്മ കൊച്ചനുജൻതമ്പുരാൻ തിരുമനസ്സും തമ്മിലുള്ള വിവാഹമഹോത്സവത്തിൽ സമർപ്പിച്ചതു്.

സൌമങ്ഗല്യലസന്മനോജ്ഞസുകുമാരാങ്ഗീ സ്വയാഽന്യനയാ
കാന്ത്യാ നിർജ്ജിതനിർജ്ജരോത്തമവധൂർല്ലക്ഷ്മീരിവാനോപമാ
മാതുഃ പുണ്യഫലായിതാ ഗുണഗണൈഃ ശ്ലാഘ്യാ കലാലംകൃതാ
ഗോശ്രീഭൂവലമാഥിനോ വിജയതേ രാധാഭിധൈകാത്മജാ.

വംശസ്യാകലയൻ പരം സ്വജനസന്തോഷോത്കഷം സതാമഗ്രിമഃ
പ്രാജ്യശ്രീരനഘോഽപ്രമേയമഹിമാ വിദ്യാവിവേകാഞ്ചിതഃ
സന്നത്യാ നിജപൂർവ്വജാൻ പ്രമദയന്നാര്യൈർഗ്ഗുണൈശ്ചാനിശം
ഗോശ്രീരാജകുമാര ഏഷ രവിവർമ്മാഖ്യോ വിജേജീയതാമ്.

സൌശീല്യാദി ഗുണാകരം ബുധജനൈരാരാധ്യമാനം സദാ
സൌന്ദര്യൈകനിധാനമാശ്രിതജനസ്യാഭീഷ്ടസന്ദായകമ്
ശ്രീഭൂമീശകുമാരമേന മനുരൂപൈഷാഽമലാങ്ഗീ മുദാ
ശ്രീമദ്രാജകുമാരികാദ്യ വൃണുതേ സീതേവ രാമം പുരാ.

ഉദ്വാഹോത്സവമത്യുദാരമനയോർവ്വിജ്ഞായ ദേവവ്രതാഃ
സ്വസ്ത്രീഭിർദിവി സങ്ഗതാ മഹമിമം ദ്രഷ്ടും ജാതി ദിവ്യം ഭുവി
ഈർഷ്യാവിഷ്ടഹൃദോ വിദൂനമനസസ്സിഞ്ചന്തി വൃഷ്ടിച്ഛലാ-
ന്നേത്രോദന്യനരൂപയോഗമുദിതാസ്സ്വൈര്യ്യാഷിതോഽപി ധ്രുവം.

ഉത്കൃഷ്ടൌ യുവദമ്പതീ പിതൃമനഃപ്രീതിം പരാമന്വഹം
തന്വാനൌ ഗൃഹമേധിധർമ്മമഖിലം യുക്ത്യാ ചരന്താവിമൌ
അന്യേഷാമപി മാതൃകാപദമനൌപമ്യം ഭജന്തൌ സുഖം [ണൌ
ജീയാസ്താം സുചിരായുഷൌ സുതധനാരോഗ്യൈർമ്മിഥോരാഗി
ആയുർവ്വേദവൈദ്യൻ, പി. വാസുദേവൻ നമ്പീശൻ.

'രവി'കരപരിലാളിതമാ-
യവികലമിന്നുല്ലസിപ്പൂ 'രാധാ'ബ്ജം
ഭുവി ദാമ്പത്യാരാമം
സുവിമലസൌരഭ്യമേല്പ നൂതനമായ്.
വിദ്വാൻ, വെള്ളായ്ക്കൽ ഗോവിന്ദമേനോൻ.

വാണീദേവി മനസ്സിന്നങ്ങു രസനാരംഗത്തിലും ധന്യഗീ-
ർവ്വാണീഗാനവിനോദിനീമണി മനോരംഗത്തിലും വാഴ്കവേ
ക്ഷോണീപാലകനാഗമാന്റ രവിവർമ്മക്ഷ്മാപനോടൊത്തുമേൽ
വാണീടേണമനേകകാലമമിതാനന്ദേന രാധാമണി.
കടമാളൂർ കെ. കെ. ഗോപാലപിള്ള, (രം. പ )

# കല്ലിനാഥൻ.

## പുറപ്പാട്.

—:o:—

കല്ലിനാഥന്നു മല്ലിനാഥനെപ്പോലെ മലയാളക്കരയിൽ പ്രസിദ്ധിയില്ല, പെരുമയില്ല. അവൻ മലയാളികൾക്കാകമാനം അപരിചിതനാണ്. മലയാളത്തിലെ സസ്യസമൃദ്ധിയും, ഫലപുഷ്ടിയും സർവ്വോപരി പ്രകൃതിരാമണീയകവും കണ്ടപ്പോൾ കല്ലിനാഥന്നൊരു കൌതുകം:—ഒന്നിറങ്ങി കുറെയൊക്കെച്ചുററിസ്സഞ്ചരിച്ചു പ്രായേണ ദരിദ്രനാരായണന്മാരാണെങ്കിലും പ്രകൃത്യനുഗ്രഹീതരായ മലയാളികളുടെ പരിചയം സമ്പാദിക്കാൻ; കഴിയുമെങ്കിൽ കഴഞ്ചിന്നെങ്കിലും പേരും പ്രസിദ്ധിയും കൈക്കലാക്കാൻ. എന്നാൽ അവനെ ആരു പരിചയപ്പെടുത്തും? അവന്നു സംഘമില്ല, കൂട്ടില്ല. ബുദ്ധിമുട്ടുമ്പോൾ കുരുട്ടുവഴി കാട്ടാൻ ശാസ്ത്രിപ്പട്ടരുമില്ല. അവൻ ഒററയ്ക്കാണ്. അവനെങ്ങിനെ പേരെടുക്കും? അവന്നു 'ദൈനിക'യില്ല, 'വാരിക'യില്ല, 'മാസിക'യില്ല. പത്തുരൂപായുടെ പത്രാധിപത്യവുമില്ല. അവൻ കൈരളിയല്ല, കൈരളിയുടെ ദാസനുമല്ല. എന്തുവഴി? ഊയിൻറപ്പ!

ആരുടെ വലഞ്ഞല്ലോ കാർന്നോമ്മാരേ!
ആരുടെ വലഞ്ഞല്ലോ ഗുരിക്കന്മാരേ!

കാർന്നോമ്മാറു് സഹായിക്കട്ടെ, ഗുരിക്കമ്മാറു് അനുഗ്രഹിക്കട്ടെ. കാവിലമ്മ കടാക്ഷിക്കട്ടെ. ഇവൻ തന്നെത്താൻ പരിചയപ്പെടുത്തും. പുതിയ ലോകവ്യുൽപ്പത്തിക്കാർ Etuquelte-ന്നു യോജിച്ചതല്ലെന്നു കലശൽക്കൂട്ടമായിരിക്കാം. കൂട്ടട്ടെ. കൂട്ടാക്കുന്നില്ല.

'കല്ലിനാഥൻ' എന്നു കേട്ടമാത്രയിൽ, കടുക്—കിടുക്, മളക്—കിളക് എന്നിങ്ങിനെ പാണ്ടിക്കാരും കൊണ്ടന്മാരും പറഞ്ഞുവരാറുള്ള പ്രകാരം അതു് 'മല്ലിനാഥ'ൻെറ ഒരു പരിചായകമോ, വായ്ത്താരിയോ മററൊ ആണെന്നും അതിന്നു പ്രത്യേകിച്ചർത്ഥസത്തയില്ലെന്നും വിചാരിച്ചുപോകരുതു്. കല്ലിനാഥന്നു സത്തയുണ്ടു്. എന്നാൽ അവൻ സൂക്ഷ്മശരീരിയാകയാൽ ലൌകികപ്രത്യക്ഷത്തിന്നു വിഷയമല്ലെന്നുമാത്രം. സപ്തദശാവയവകമായ സൂക്ഷ്മശരീരം പരപ്രത്യക്ഷവിഷയമല്ലല്ലോ. ജ്ഞാനേന്ദ്രിയപഞ്ചകവും കർമ്മേന്ദ്രിയപഞ്ചകവും പ്രാണപഞ്ചകവും മനസ്സും ബുദ്ധിയുംകൂടിയതല്ലേ സൂക്ഷ്മശരീരം? ഓഹോ ഓർമ്മിച്ചില്ല. വേദാന്തികളുടേയും സാംഖ്യന്മാരുടേയും മററും ശാസ്ത്രപ്രക്രിയ

പുതിയ ലോകവ്യുൽപത്തിക്കാരുടെ തലകറണ്ടിക്കുമായിരിക്കാം. വേണ്ട വേണ്ട: അവർ കല്ലിനാഥൻ ഒരു പ്രേതമാണെന്നു ധരിച്ചാൽമതി. അപ്പോഴും ചാക്ഷുഷപ്രത്യക്ഷവിഷയമല്ലെന്ന കാൎയ്യം മറന്നുപോകരുത്. പ്രേതപിശാചാദികളുടെ ശരീരം വായവീയമാണെന്നല്ലേ വെയ്പ്? വായുചാക്ഷുഷപ്രത്യക്ഷത്തിന്നെന്നുവേണ്ട ത്വാചപ്രത്യക്ഷത്തിന്നുപോലും വിഷയമല്ലെന്നാണ് പ്രാചീന നൈയായികസിദ്ധാന്തം. ഓ! പറഞ്ഞു പറഞ്ഞു വീണ്ടും ശാസ്ത്രപ്രക്രിയയിൽച്ചെന്നു ചാടി; മാപ്പാക്കണം. പിൻവലിച്ചു—I with draw.

എന്നാൽ പ്രേതമെന്നു പറകകൊണ്ടുമാത്രം ഈ പറഞ്ഞതും മല്ലിനാഥൻ കൈരളിയിൽ പറഞ്ഞിരിക്കുന്നതും കൂട്ടിയിണക്കിക്കൊണ്ട് അന്നു പിടിയിൽനിന്നു വഴുതിപ്പോയ അദ്ദേഹത്തെ വീണ്ടും പിടിച്ചുകൊണ്ടുപോകാൻ ഉറച്ചുവന്ന സാക്ഷാൽ മല്ലിനാഥൻെറ പ്രേതമാണ് കല്ലിനാഥനെന്നും തീൎച്ചയാക്കരുത്. മററു സംഗതികൾ എന്തായാലും, ഇതു കല്ലിനാഥൻെറ പ്രേതമാണ്—സംഗീതരത്നാകരത്തിൻെറ വ്യാഖ്യാതാവായ ആ കല്ലിനാഥൻെറ. കല്ലിനാഥനെത്തന്നെ കേട്ടിട്ടില്ലാതിരിക്കെ അവൻെറ പ്രേതത്തെപ്പററി എങ്ങനെയാണു മനസ്സിലാക്കുക എന്നു പറയുന്നുവെങ്കിൽവേണ്ട. ഉണ്ടൊരെളുപ്പവഴി! അതിപ്രസിദ്ധനായ മി: മലയാളിമല്ലിനാഥൻെറ എതിർവീട്ടുകാരനാണ് ഈ കല്ലിനാഥൻ. പോരെ! മനസ്സിലായില്ലെ! മനസ്സിലായില്ലെങ്കിൽത്തന്നെ ഇനി മനസ്സിലായില്ലെന്നുപറയാൻ തരമുണ്ടോ? അത്രയ്ക്കു പ്രസിദ്ധനല്ലേ മലയാളിമല്ലിനാഥൻ! "രാവണോനാമരാക്ഷസഃ" എന്നതുപോലെ, "അഭിവാദയേ മല്ലിനാഥോനാമ—"എന്നിങ്ങിനെ പ്രസിദ്ധിപ്രകാശകമായ 'നാമ'പദം അഭിവാദനവാക്യത്തിൽപ്പോലും മി: മല്ലിനാഥൻ തന്നെ പ്രയോഗിച്ചിരിക്കുന്ന സ്ഥിതിക്കിനി മിണ്ടാൻ നിവൃത്തിയുണ്ടോ?

മി: മല്ലിനാഥൻെറ എതിർവീട്ടുകാരനായതിൽ കല്ലിനാഥനു മററൊരു മെച്ചവുംകൂടി കൈവന്നിരിക്കുന്നു. ഭാഷാലോകത്തിൽ എളുപ്പം പേരും പ്രസിദ്ധിയും പാട്ടിലാക്കാനുള്ള പുതിയ ലോകവ്യുൽപ്പത്തിപ്രകാരങ്ങളുടെ സൂക്ഷ്മഗ്രഹണമാണത്. പക്ഷേ അവയിൽ അധികഭാഗവും സാമഗ്രികളുടെ അഭാവത്താൽ തല്ക്കാലം കല്ലിനാഥന്നു പ്രയോഗിക്കുക സാദ്ധ്യമല്ലെങ്കിലും, "എത്ര മരമണ്ടനോ, മുണ്ടനോ ആയാലും പ്രസിദ്ധന്മാരോടോ യഥാൎത്ഥ പണ്ഡിതന്മാരോടോ ഏതെങ്കിലും തരത്തിലെതിൎക്കുക" എന്ന പ്രസിദ്ധിസമ്പാദനത്തിലുള്ള സുലഭതന്ത്രം ഇവന്നും സുകരംതന്നെയാണ്. അതിന്നിതാ അവസരവും കിട്ടിയിരിക്കുന്നു. ഇനിയെന്തിനു മടിക്കുന്നു. പക്ഷേ ഗുരുവരനോടാണ് വേണ്ടതായ്വന്നിരിക്കുന്നത്. ദ്രോണിച്ചയും, മലമ്പാമ്പും മററും മഹൎഷിമാർ ഗുരുവാകാമെങ്കിൽ കല്ലിനാഥന്നു മല്ലിനാഥൻ എന്തുകൊണ്ടു ഗുരുവാകയില്ല. ഏതായാലും തൊട്ടു തലയിൽവെച്ചു തുടങ്ങിക്കളയാം. മഹാനുഭാവായ സുഗൃഹീതനാമ്നേ മിസ്റ്റർ മലയാളി മല്ലിനാഥപാദാചാൎയ്യായ നമഃ.

മി: മല്ലിനാഥൻ 'രാഷ്ട്രീയശബ്ദത്തെ മുൻനിറുത്തി, 'കിഞ്ചിച്ഛേഷം' പൊക്കിപ്പിടിച്ചുകൊണ്ടു കൈരളീദ്വാരേണ രാജഷി വൈയാകരണനെ പോർവിളിച്ചിരിക്കുന്നതു മലയാളികൾക്കൊക്കയും അറിയാമല്ലോ. ആ വൈയാകരണനാകട്ടെ മിണ്ടുന്നില്ല. ആയാളുടെ ശ്ശൂരും ച്ചുവയുമില്ല. എങ്ങുപോയി ഒളിച്ചുവോ? ഇത്ര ഭീരുവാണോ ആ രാജഷി വൈയാകരണൻ. അഥവാ,

> "വിഗ്രഹത്തിങ്കൽ പരാജിതനായ്പ്പോയ
> സുഗ്രീവനാശു വന്നീടുവാൻ കാരണം
> എത്രയും പാരം പരാക്രമമുള്ളൊരു
> മിത്രമവനുണ്ടു ചിന്തുന്ന നിർണ്ണയം."

എന്നിങ്ങിനെ ബാലിയോടെന്നപോലെ ആ വൈയാകരണനോട് ആരെങ്കിലും, എന്തെങ്കിലും പറഞ്ഞു മനസ്സിലാക്കി പ്രകൃതസംരംഭത്തിൽ നിന്ന് ആ വിദ്വാനെ വിലക്കിയിരിക്കുമോ? അതാവില്ല, രാജഷി വൈയാകരണൻ ഒരു വൈയാകരണനാണെങ്കിൽ അടങ്ങിയിരിക്കാൻ അവകാശമില്ല. ഒരുവേള അതിരഥനായ ഭീഷ്മാചാര്യർ ശിഖണ്ഡിയിലെന്നപോലെ ഈ വൈയാകരണശിരോമണി മല്ലിനാഥരാഷ്ട്രീയത്തിൽ വൈമുഖ്യം ഭാവിച്ചിരിക്കുമോ? അങ്ങനെയാണെങ്കിൽ ആദ്യമേ ഒരു ശരം ആവകയ്ക്കു നേക്കും ആ സംഗരപ്രിയൻ അയച്ചതെന്തിന്?

ഓഹോ മനസ്സിലായി, സ്വയം നിഗൃഹീതനായ മല്ലിനാഥനോടെതിർക്കുന്നതു യുക്തമല്ലെന്നു വിചാരിച്ചായിരിക്കാം അടങ്ങിയത്.

"രാഷ്ട്രത്തിൽ ജനിച്ചതു് എന്ന അത്ഥത്തിൽ രാഷ്ട്രീയമെന്നു പ്രയോഗിക്കുന്നതു ശരിയല്ല എന്ന് ഒരു പണ്ഡിതൻ ഈയിടെ പറഞ്ഞിരിക്കുന്നു. പാണിനി 'ഘ'പ്രത്യയമാണു വിധിച്ചിട്ടുള്ളതെങ്കിലും, 'ഛ'പ്രത്യയത്തെ നിഷേധിച്ചിട്ടുണ്ടോ എന്നു ചിന്തിക്കാൻ അദ്ദേഹത്തിനു ക്ഷമയുണ്ടായിട്ടില്ലെന്നു തോന്നുന്നു. രാഷ്ട്രഭവം എന്ന അത്ഥത്തിൽ രാഷ്ട്രിയം എന്നും രാഷ്ട്രീയം എന്നും ആകാം—" എന്നിങ്ങനെയുള്ള മി: മല്ലിനാഥൻെറ വാദം ഭവാത്ഥത്തിൽ "വൃദ്ധാച്ഛഃ" എന്ന സൂത്രപ്രകാരം 'ഛ'പ്രത്യയം വരുമെന്ന അഭിപ്രായത്താലല്ലാതെ മറെറാരു പ്രകാരത്താലുമാവാൻ അവകാശമില്ലെന്നുള്ളതു സുവ്യക്തമാണ്. അതിനെയാണു രാജഷി വൈയാകരണൻ ആക്ഷേപിച്ചിരിക്കുന്നതു്. അതു അന്യായ്യമാണെന്നു ശാസ്ത്രജ്ഞന്മാരാരും പറകയുമില്ല ഇങ്ങനെയിരിക്കെ മി: മല്ലിനാഥൻ വീണ്ടും ചോദിക്കുന്നു.—"രാഷ്ട്രീയശബ്ദം ഏതെല്ലാം അത്ഥത്തിലാണ് പ്രയോഗിക്കാവുന്നതു്" എന്നും "രാഷ്ട്രീയശബ്ദം രാഷ്ട്രായഹിതം എന്നുതുടങ്ങിയ അത്ഥങ്ങളിൽ പ്രയോഗിച്ചുകൂടെന്നു പാണിനി വിധിച്ചിട്ടുണ്ടോ" എന്നും. അപ്രകൃതവും സവ്വഥാ അസംബദ്ധവുമായ ഈ ചോദ്യം അതിൻെറ ഉൽപാദകനെ പ്രതിജ്ഞാഹാനി, പ്രതിജ്ഞാന്തരം, പ്രതിജ്ഞാസന്ന്യാസം എന്നിങ്ങനെയുള്ള നിഗ്രഹസ്ഥാനത്തേയ്ക്കു തള്ളിവിടുകയാണല്ലോ ചെയ്തിരിക്കുന്നതു്. നി

ഗ്രഹസ്ഥാനപതിതനോട്ട് എതിരിടുന്നതു ധർമ്മ്യമോ ന്യായ്യമോ അല്ലെന്നു വിചാരിച്ചു ശാസ്ത്രാർത്ഥവിചാരസമ്പ്രദായജ്ഞനായ രാജർഷിവൈയാകരണൻ ഒഴിഞ്ഞുമാറീട്ടുണ്ടെങ്കിൽ അതു യുക്തമല്ലെന്നു പറയാമോ? എങ്കിലും ഈ വസ്തുത മല്ലിനാഥനു മനസ്സിലാക്കിക്കൊടുത്തശേഷം ഒഴിഞ്ഞുമാറാമായിരുന്നു എന്നെനിക്കു തോന്നുന്നുണ്ട്. പക്ഷേ, പുതിയ ലോകവൃൽപത്തിക്കാരുടെ ലീഡറായ മി: മല്ലിനാഥനുമനസ്സിലാക്കിക്കൊടുക്കുവാൻ വൃഥാ പരിശ്രമിക്കുന്നതിലും ഭേദം ഇക്കൂട്ടരിൽനിന്നു തോൽവി കൈവരിക്കയാണെന്ന് ആ ചെന്നപട്ടണത്തുകാരൻ ശിരോമണി വിചാരിച്ചിട്ടുണ്ടെങ്കിൽ അതും അയുക്തമാണെന്നു പറഞ്ഞുകൂടാ.

"ചാല്പിക്കു കട്ടളൈയാതെ നിൻ തോൽവി
തുലൈയല്ലാർ കണ്ണും കൊളൽ." (തിരുക്കുറൾ)

എന്നല്ലേ തിരുവള്ളുവർ മൊഴിഞ്ഞിരിക്കുന്നത്.

അല്ലെങ്കിലെല്ലാം കല്ലിനാഥൻെറ നല്ലകാലംതന്നെ. സപാപഹാരംകഴിഞ്ഞു ശുക്രദശ തെളിഞ്ഞ കാലം. ഇനിയെന്താ! മല്ലിനാഥൻെറ കിഞ്ചിദ്ശ്ലേഷത്തിനു കല്ലിനാഥൻെറ ബൃഹഛ്ലേഷം; പന്നഗാസ്ത്രത്തിന്നു ഗാരുഡാസ്ത്രം; ആഗ്നേയത്തിന്നു വാരുണം; ആസുരത്തിന്നു ദൈവം; ബ്രാഹ്മത്തിന്നു പാശുപതം.

ആ വൈയാകരണശിരോമണി മൌനംഭജിക്കുന്നതുകൊണ്ട് "വ്യക്തിവിദ്വേഷത്തിൻെറ ദുർഗ്ഗന്ധം പൊങ്ങുവാനിടയുള്ള" കിഞ്ചിദ്ശ്ലേഷത്തിൽ മി: മല്ലിനാഥൻ "ദുർവ്യാപാരം" നടത്തി ഭാഷാലോകത്തെ മലീമസമാക്കുമല്ലോ എന്നിനി മാലോകരാരും ഭയപ്പെടുകയേവേണ്ട. കല്ലിനാഥൻെറ ബൃഹഛ്ലേഷത്തിൽ അതിനുള്ള മറുമാററാണു നിറച്ചിരിക്കുന്നത്. അതേ! പച്ചയായി പറകയാണെങ്കിൽ ഗോമയംചേർത്തു പരിഷ്കരിച്ച ഫിനയിൽ (Phenyle). പത്രാധിപരെന്താണു പിറുപിറുക്കുന്നതു? സ്ഥലമില്ല, കടലാസ്സിന്നു വളരെ വില കൂടുതൽ എന്നോ! ശരി; നിറുത്തിക്കളയാം. ബൃഹഛ്ലേഷം അടുത്ത ലക്കത്തിലേക്കാക്കാം പ്രസീദ; പ്രസീദ!

അജ്ഞാനാൽ വിസ്മൃതേർഭ്രാന്ത്യായന്ന്യൂനമധികംകൃതം
തൽ സർവ്വം ക്ഷമ്യതാം പത്രാധിപദേവഃ പ്രസീദതു.

---

പുസ്തകാഭിപ്രായം.

## ജ്യോതീരഥം.

സാഹിത്യം—ഒന്നാംപുസ്തകം.

പണ്ഡിതർ ഇ. വി. രാമൻനമ്പൂതിരി, വിദ്യാരത്നം,
ശ്രീവഞ്ചിവിശാലവിദ്യാലയീയ ഹസ്തലിഖിതഗ്രന്ഥശാലാപണ്ഡിതർ.
(കലാവിലാസിനീ പ്രസ്സ്, തിരുവനന്തപുരം. വില 1_ക. 4_ണ.

അധീതി, ബോധം, ആചരണം, പ്രചാരണം എന്നിങ്ങിനെയുള്ള വിദ്യാഭ്യാസത്തിൻെറ നാലുപാധികളിലും യഥാവിധി പ്രവർത്തിക്കുവാൻ ഇന്നത്തെ അഭ്യസ്തവിദ്യരിൽ

അധികംപേർ ഉണ്ടാകുമെന്നു തോന്നുന്നില്ല. പ്രഥമോപാധി കഴിഞ്ഞാൽ പിന്നെ ചതുർത്ഥോപാധിയിൽ കടന്നു പ്രവർത്തിക്കുന്നവരാണധികംപേരുമെന്നുതന്നേ പറയാം. ഇത്തരക്കാരെ കണ്ണടച്ചു വിശ്വസിക്കേണ്ടിവരുന്ന ബാലമനസ്സുകൾക്കു വന്നുചേരാവുന്ന അനർത്ഥങ്ങൾ അനല്പമാണെന്നുതന്നേ പറയേണ്ടിയിരിക്കുന്നു. എന്നാൽ നാലുപാധികളിലും അവധാനപുരസ്സരം യഥാവിധി നിരന്തരം പ്രവർത്തിച്ചുവരുന്നവരെ അനുകരിക്കുന്നവർക്കുണ്ടാകാവുന്ന ജ്ഞാനാഭിവൃദ്ധി, തങ്ങൾക്കും ഇതരന്മാർക്കും ഒരുപോലെ അഭ്യുദയത്തിന്നു നിദാനമാകുമെന്നു ചിന്തിക്കുന്നവർക്കേവർക്കുമറിയാവുന്നതാണല്ലോ.

പണ്ഡിതർ ഇ. വി. രാമൻനമ്പൂതിരി അവർകൾ, സാവധാനം അനവരതം നാലുപാധികളിലും ഒരുപോലെ പ്രവർത്തിച്ചതിന്റേയും ഇന്നു പ്രചാരത്തിലില്ലാത്തവയും ഉള്ളവയും അസുലഭങ്ങളും ആയ നിരവധി ഗ്രന്ഥങ്ങളുടെ നിരന്തരസമ്പർക്കത്തിന്റേയും സർവ്വതോന്മുഖമായ പരിചയത്തിന്റേയും സർവ്വോപരി ഈശ്വരവിശ്വാസത്തിന്റേയും ഫലമായി ഹൃദയപേടകത്തിൽ നിക്ഷേപിച്ചുവെച്ചിട്ടുള്ളവയെന്നനുമിക്കാവുന്ന വിജ്ഞാനജ്യോതിസ്സുകളിൽനിന്ന്, 'ഗുരുനാഥൻ', 'രാജർഷി' തുടങ്ങിയ മാസികകളും, 'നസ്രാണിദീപിക', 'മലയാളരാജ്യം' തുടങ്ങിയ പത്രങ്ങളുംവഴിയായി പുറത്തിറങ്ങി വായനക്കാരുടെ ഹൃദയങ്ങൾക്കു പ്രകാശമരുളിയ വിജ്ഞാനജ്യോതിസ്സുകളിൽ, 'സാഹിത്യത്തിന്റെ ഔന്നത്യം', 'സാഹിത്യസാമഗ്രികൾ', 'നമ്മുടെ യുവസാഹിത്യവ്യവസായികൾ', 'ഉച്ചാരണശുദ്ധി' മുതലായി അല്പജ്ഞന്മാർക്കവശ്യവിജ്ഞേയങ്ങളായ നാല്പത്തിയെട്ടു ജ്യോതിസ്സുകളാണ് ഈ 'ജ്യോതീരഥ'ത്തിലാരോഹിച്ചിരിക്കുന്നത്. ഈ രഥത്തിലെ ഓരോ ജ്യോതിസ്സും ജ്ഞാനലവദുർവ്വിദഗ്ദ്ധന്മാരുടെ ദുർവ്വിദഗ്ദ്ധതാന്ധകാരത്തെ അകററുവാൻ പര്യാപ്തങ്ങളാണെന്നു അനുഭവൈകവേദ്യമാകയാൽ പറയുവാൻ ഞങ്ങൾ ഒട്ടുംതന്നേ മടിക്കുന്നില്ല. ഓരോന്നിന്റേയും ഗുണപൌഷ്കല്യത്തെ പ്രത്യേകമെടുത്തു പറയുവാൻ സ്ഥലവും കാലവുമവനുവദിക്കുന്നുമില്ല. മാത്രമല്ല; പത്രപാരായണന്മാർക്ക് അതൊരു പുനരുക്തിയായിത്തോന്നിയേക്കാനും വഴിയുണ്ടല്ലോ.

കാര്യാന്തരവ്യഗ്രന്മാരായ ജിജ്ഞാസുക്കൾക്ക് അല്പസമയംകൊണ്ടനല്പമായ ജ്ഞാനം സമ്പാദിക്കുവാനുതകണമെന്ന ഉദ്ദേശത്താലോ എന്തോ, ലേഖനങ്ങളിലധികവും നാതിസംക്ഷേപവിസ്തരമാക്കുന്നതിൽ ഗ്രന്ഥകാരൻ കൈക്കൊണ്ട നയം സാദരമനുമോദനാർഹംതന്നേ എന്നു പറയേണ്ടിയിരിക്കുന്നു.

ചുരുക്കിപ്പറയാമല്ലോ വായനയിൽ താൽപ്പര്യമുള്ളവർക്കു രസിക്കുവാനും ഗ്രഹിക്കുവാനും സാഹിത്യപ്രണയികൾക്ക്, സാഹിത്യപ്രചരണത്തിൽ ഉത്സാഹവും ഉൽബോധവും ഉന്മേഷവും നൽകുവാനും അനുപേക്ഷണീയങ്ങളായ നിരവധി സാമഗ്രികൾ ഈ ജ്യോതീരഥത്തിൽ സംഭരിച്ചുവെച്ചിട്ടുണ്ട്. അത്രയുമല്ല, വിദ്യാർത്ഥികൾ, അദ്ധ്യാപകന്മാർ, വിദ്വാന്മാർ, വ്യുൽപ്പത്തികാമന്മാർ, സഹൃദയന്മാർ, ഗവേഷകന്മാർ എന്നീ തരക്കാർക്കെല്ലാം ഇത്രമാത്രമുപകാരമുളവാക്കുന്ന ഗ്രന്ഥരത്നങ്ങൾ അധികമില്ലെന്നു പറയുന്നതൊരിക്കലുമതിശയോക്തിയാകയില്ല.

ഗ്രന്ഥകാരൻ, അനുവാചകന്മാരായ ചിലരിൽ കണ്ടുവരുന്ന ഉച്ചാരണവൈകല്യത്തെ പരിഹരിപ്പാനായി ലിപിവിന്യാസത്തിൽക്കൂടിയും ചില നവീനരീതി കൈക്കൊണ്ടിട്ടുള്ളതു്, ഉച്ചാരണശുദ്ധിയിൽ ശ്രദ്ധിക്കാത്ത ഇന്നത്തെ ചില പ്രസംഗികന്മാർക്കൊരനുഗ്രഹംതന്നെയാണെന്നു പറയാം.

ക്രൌൺ എട്ടു സൈസ്സിൽ 336 ഭാഗങ്ങളുള്ള ഈ പുസ്തകത്തിന്ന്, ഇന്നത്തെ കടലാസ്സുവിലയോർക്കുമ്പോൾ, നിശ്ചയിച്ച വിലയും അകിഞ്ചനരായ ആദിത്സുകൾക്കൊരനുഗ്രഹംതന്നെ. പക്ഷെ, ഈ ഗ്രന്ഥംതന്നേ രണ്ടു ഗ്രന്ഥമാക്കി പ്രകാശിപ്പിച്ചിരുന്നുവെങ്കിൽ വിദ്യാർത്ഥികൾക്കധികം ഉപകാരപ്രദമാകുമായിരുന്നില്ലയോ എന്നു ഞങ്ങൾ സംശയിക്കുന്നു. ഏതായാലും ഈ ഗ്രന്ഥത്തിന്റെ സഹോദരങ്ങളും ഉടനെ പുറത്തുവന്നുകാണുവാൻ ഞങ്ങൾ ആഗ്രഹിക്കുകയും ഗ്രന്ഥകാരന്ന് സർവ്വമംഗളങ്ങളുമാശംസിക്കുകയും ചെയ്തുകൊള്ളുന്നു.